31-3-1986 വരെ ഹാൻറക്സും ഹാൻവീവിനും കൊടുത്തു തീർക്കേണ്ട റിബേറ്റ്

243 [265] ശ്രീ. വി ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

31-3-1986 വരെ റിബേറ്റ് ഗ്രാന്റ് വകയിൽ ഹാൻറക്സിനും ഹാൻവീവിനും സർക്കാർ കൊടുത്തുതീർക്കേണ്ട സംഖ്യ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

31-3-1986 വരെ റിബേറ്റ് ഗ്രാന്റ് വകയിൽ ഹാൻറക്സിന് 63 ലക്ഷം രൂപ, ഹാൻഡ്വീവിന് 24 ലക്ഷം രൂപ. (ഇതിൽ ഹാൻറക്സിന് 1986 മെയ് മാസത്തിൽ 30 ലക്ഷം രൂപ കൊടുത്തു തീർത്തു).

1985 ഡിസംബർ വരെ റിബേറ്റിനത്തിൽ കൊടുത്തുതീർക്കേണ്ട സംഖ്യ

244 [266] ശ്രീ. ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 ഡിസംബർ മാസം വരെ കൈത്തറി സഹകരണ സ്ഥാപനങ്ങൾക്ക് എത്ര സംഖ്യ റിബേറ്റ് ഇനത്തിൽ കൊടുത്തു തീർക്കാൻ ബാക്കിയുണ്ട്;

(ബി) റിബേറ്റ് കുടിശ്ശിക എത്ര മാസത്തിനകം കൊടുത്തു തീർക്കും?

ഉത്തരം

(എ) 1985 ഡിസംബർ മാസംവരെ 438 ലക്ഷം രൂപ കൊടുക്കുവാനുണ്ടായിരുന്നതിൽ, ഈ സാമ്പത്തിക വർഷത്തിൽ 130 ലക്ഷം രൂപ കൊടുത്തത് കഴിച്ച്, ബാക്കി 309 ലക്ഷം രൂപ കൊടുക്കുവാനുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽത്തന്നെ കൊടുത്തുതീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

1985-86-ൽ കൊടുത്തുതീർക്കേണ്ട കൈത്തറി റിബേറ്റ്

245 [267] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി റിബേറ്റ് ഇനത്തിൽ 1985-86-ൽ കൊടുത്തു തീർക്കുവാനുള്ള മൊത്തം കുടിശ്ശിക എത്ര;

(ബി) റിബേറ്റ് കുടിശ്ശിക എപ്പോൾ കൊടുത്തുതീർക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-3-1986 വരെയുള്ള കണക്കുപ്രകാരം 463 ലക്ഷം രൂപ കൊടുത്തുതീർക്കുവാൻ ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സാമ്പത്തിക വർഷത്തിൽ കൊടുത്തുതീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കൈത്തറി വ്യവസായത്തിനുവേണ്ടി ലഭിച്ച കേന്ദ്രസഹായം

246 [268] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ കൈത്തറി വ്യവസായം സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുക എത്ര;

(ബി) പ്രസ്തുത വർഷങ്ങളിൽ സംസ്ഥാന സർക്കാർ ചെലവാക്കിയ തുക എത്ര?

ഉത്തരം

(എ) കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്രഗവൺമെന്റിന്റെ വിഹിതമെന്നനിലയിൽ ലഭിച്ച തുക താഴെ പറയുംപ്രകാരമാണ്.

	1982-83	.. 66.34	ലക്ഷം
	1983-84	.. 92.14	,,
	1984-85	.. 232.02	,,
	1985-86	.. 55.80	,,
(ബി)	1982-83	.. 385.00	,,
	1983-84	.. 521.43	,,
	1984-85	.. 596.37	,,
	1985-86	.. 931.75	,,

കെട്ടിക്കിടക്കുന്ന കൈത്തറിത്തുണികൾ

247 [269] ശ്രീ. ഒ. രേതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി സഹകരണ സ്ഥാപനങ്ങളിൽ എത്ര സംഖ്യ വിലവരുന്ന കൈത്തറിത്തുണികൾ കെട്ടിക്കിടപ്പുണ്ട്;

(ബി) കെട്ടിക്കിടക്കുന്ന സ്റ്റോക്ക് വിറ്റഴിക്കാൻ എന്തുനടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) തുണി കെട്ടിക്കിടപ്പില്ല. എന്നാൽ 1986 മെയ് അവസാനം വരെ 16 കോടി രൂപ വിലവരുന്ന കൈത്തറിത്തുണികൾ സ്റ്റോക്കുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ബി) റിബേറ്റ് കാലഘട്ടങ്ങളിലാണ് കൈത്തറിത്തുണികളിൽ ഏറിയപങ്കും വിറ്റഴിക്കപ്പെടുന്നത്: റിബേറ്റ് നൽകുന്ന ദിവസങ്ങളുടെ എണ്ണം 101 ആയി നിലനിർത്തിക്കൊണ്ട് റിബേറ്റ് ദിനങ്ങളിൽ പ്രദർശന വിൽപ്പനശാലകൾ സംഘടിപ്പിക്കുക, സമ്മാനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക, സഞ്ചരിക്കുന്ന വിൽപ്പനശാലകൾ സംഘടിപ്പിക്കുക, കൂടുതൽ പരസ്യം നൽകുക എന്നിവ വഴിയാണ് സ്റ്റോക്ക് വിറ്റഴിയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly